**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1950** — **06.02.2019**- ൽ മറുപടി നൽകേണ്ടിയിരുന്നത്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം

ചോദ്യം — മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ — പിണറായി വിജയൻ (മുഖ്യമന്ത്രി.)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നത്; | (എ) | വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ആനുകൂല്യത്തിന് അർഹതപ്പെട്ടവരിൽ പലർക്കും അത് നിഷേധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അർഹതപ്പെട്ട എല്ലാവേർക്കും ആനുകൂല്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കോടതി നിർദ്ദേശിച്ച തുക ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ഈടാക്കണമെന്ന വിധി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (സി) & (ഡി) | കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി കേരള സർക്കാരിനു വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി. തിരുവനന്തപുരം സബ് കോടതി II-ൽ 15 കീടനാശിനി കമ്പനികൾക്കെതിരെ OS.2/2019 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് |
| (ഡി) | ഇക്കാര്യത്തിൽ പ്ലാന്റേഷൻ | | |

| | | | |
|---|---|---|---|
| | കോർപ്പറേഷനിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യ-ത്തിലുള്ള സർക്കാർ നിലപാട് എന്താണ്; വിശദമാക്കാമോ? | | ബഹു.സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 213/11 ലെ വിധി പ്രസ്താവ്യം അനുസരിച്ച് എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള നഷ്ടപരിഹാര തുക സംസ്ഥാന സർക്കാറിന് ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളിൽ നിന്നോ നിയമാനുസൃതം ഈടാക്കാവുന്ന-താണെന്ന് പ്രതിപാദിച്ചിരുന്നു. ടി വിധി പ്രസ്താവ്യത്തിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എൻഡോസൾഫാൻ ദുരിത-ബാധിതർക്ക് നൽകിയ തുക റീഫണ്ട് ചെയ്യുന്നതിന് കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെടുക-യുണ്ടായി. ഇതനുസരിച്ച് കൃഷി വകുപ്പ് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. സ്നേഹസാന്ത്വനം പദ്ധതി

ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

### 2. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി:

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

### 3. സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 700/ രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്ന പദ്ധതി. നിലവിൽ ഈ പദ്ധതി പ്രകാരം 790 പേർക്ക് ധനസഹായം നൽകി വരുന്നു.

4. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന 11 പഞ്ചായത്തുകൾക്ക് നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കണമെന്ന വ്യവസ്ഥയിന്മേൽ ഓരോ ആംബുലൻസ് വാങ്ങുന്ന പദ്ധതി പ്രകാരം 9 പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്നതിനായി 71,73,012/ രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

5. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിയമിച്ചിട്ടുള്ള ജെ.എച്ച്.ഐ.മാർക്ക് ശമ്പളം അനുവദിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 73,53,000/ രൂപ കാസർഗോഡ് നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർക്ക് അനുവദിച്ചിട്ടുണ്ട്.

6. 25 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയെ ഏല്പിച്ചിട്ടുണ്ട്.

കൂടാതെ സൗജന്യ വിദഗ്ധ സ്പെഷ്യാലിറ്റി & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, എൻഡോസൾഫാൻ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ്, ഡയാലിസിസ് സേവനം. ഫിസിയോ തെറാപ്പി സേവനം, മൊബൈൽ മെഡിക്കൽ ടീം, ദുരിതബാധിതർക്ക് യാത്രാ സൗകര്യം, ജില്ലാ ട്രീറ്റ്മെന്റ് കമ്മറ്റി, ഡെത്ത് ഓഡിറ്റ് കമ്മറ്റി എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**